# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 807 30.01.2019-ൽ മറുപടിക്ക്

## മുസ്ലീം വ്യക്തി നിയമത്തിലെ ചട്ടങ്ങളിൽ ഭേദഗതി

| ചോദ്യം. | ഉത്തരം |
| --- | --- |
| ശ്രീ. പി. ഉബൈദുള്ള<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. ടി.എ. അഹമ്മദ് കബീർ<br>" എൻ. ഷംസുദ്ദീൻ | ശ്രീ.എ.കെ.ബാലൻ<br>(പട്ടിക വർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |

| | |
| --- | --- |
| എ. മുസ്ലീം വ്യക്തി നിയമത്തിൽ (ശരിയത്ത് നിയമം) സംസ്ഥാന സർക്കാർ ഉണ്ടാക്കിയ ചട്ടങ്ങൾ സമഗ്രമായി ഭേദഗതി ചെയ്യണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 21/12/2018 തീയതിയിലെ 3224-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ സർക്കാർ ഉത്തരവ് G.O.(P) No.13/2018/നിയമം (S.R.O 920/2018) ആയി പുറപ്പെടുവിച്ച മുസ്ലീം പേഴ്സണൽ ലാ (ശരിയത്ത്) ആപ്ലിക്കേഷൻ (കേരള) റൂൾസ്, 2018-ൽ അനുശാസിക്കുന്ന പ്രകാരം ഡിക്ലറേഷൻ ഫയൽ ചെയ്യേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും, പ്രസ്തുത ചട്ടങ്ങൾ ബാധകമാകുന്നത് സംബന്ധിച്ചും ചില അവ്യക്തതകൾ നിലനിൽക്കുന്നതായി ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള ചില പരാതികൾ ലഭിക്കുകയും പത്രവാർത്തകൾ ഉണ്ടാകുകയും ചെയ്തതിനെ തുടർന്ന് അവ സർക്കാർ |

| | |
|---|---|
| | വിശദമായി പരിശോധിച്ചുകൊണ്ട് ഇത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെട്ടുത്തിയ ഒരു പരിപത്രം (സർക്കുലർ) പുറപ്പെടുവിക്കുന്ന നടപടി അന്തിമ ഘട്ടത്തിലാണ്. |
| ബി. ശരിയത്ത് നിയമത്തിന്റെ പരിധിയിൽ വരുന്നവർ തഹസിൽദാർ മുമ്പാകെ സത്യവാങ്മൂലം നൽകണമെന്ന വ്യവസ്ഥ പിൻവലിച്ചിട്ടുണ്ടോ ; ഇതു സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഗസറ്റ് വിജ്ഞാപനത്തിൽ ഭേദഗതികൾ വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | അപ്രകാരം ഒരു വ്യവസ്ഥ നിലവിലെ ചട്ടത്തിൽ ഉൾപ്പെടുന്നില്ല. ടി ആക്റ്റിന്റെ 3-ാം വകുപ്പ് പ്രകാരം Adoption, Will and Legacies എന്നീ വിഷയങ്ങളിൽ ശരിയത്ത് നിയമത്തിന് വിരുദ്ധമായ Customary Law ബാധകമായിട്ടുള്ള ഒരു മുസ്ലീമിനെ സംബന്ധിച്ചിടത്തോളം തനിക്ക് അപ്രകാരമുള്ള Customary Law -ക്ക് പകരം ശരിയത്ത് നിയമം ബാധകമാക്കണമെന്ന് ആഗ്രഹമുള്ള പക്ഷം 3-ാം വകുപ്പിൽ വിവരിച്ചിട്ടുള്ള നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് നിർണ്ണയിക്കപ്പെട്ട ഒരു അധികാരി മുൻപാകെ അയാൾ തെളിയിക്കുന്ന പക്ഷം പ്രസ്തുത അധികാരിയിൽ നിന്ന് ഒരു ഡിക്ലറേഷൻ നേടാവുന്നതും അപ്രകാരമുള്ള ഒരു ഡിക്ലറേഷൻ ലഭിച്ചു കഴിഞ്ഞാൽ അയാൾക്കും തന്റെ മൈനറായ കുട്ടികൾക്കും അവരുടെ പിൻതുടർച്ച അവകാശികൾക്കും Adoption, Will and Legacies എന്നീ സംഗതികളിൽ ആക്റ്റിന്റെ 2-ാം വകുപ്പിലേതെന്നതു പോലെ ശരിയത്ത് നിയമം ബാധകമാകുന്നതാണ് എന്ന് |

| | |
|---|---|
| | ആക്റ്റിന്റെ 3-ാം വകുപ്പിൽ വ്യക്തമാക്കുന്നു. 3-ാം വകുപ്പിന്റെ ആവശ്യത്തിലേയ്ക്ക് ഡിക്ലറേഷൻ ഫയൽ ചെയ്യുന്നതിനുള്ള അധികാരിയെയും ഡിക്ലറേഷൻ നിരസിക്കുന്നതിനുള്ള സംഗതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള അപ്പീലധികാരിയെയും നിർണ്ണയിക്കുന്നതിനും, ഡിക്ലറേഷന്റെ ഫാറം ചിട്ടപ്പെടുത്തുന്നതിനും അതിന് അനുബന്ധമായിട്ടുള്ള മറ്റാവശ്യങ്ങൾക്കുമായാണ് ടി ആക്റ്റിന്റെ 4-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചു കൊണ്ട് സംസ്ഥാന സർക്കാർ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. അതായത് മൂന്നാം വകുപ്പിൽ വിവരിച്ചിട്ടുള്ള സംഗതികൾക്ക് എല്ലാ മുസ്ലീങ്ങളും ഡിക്ലറേഷൻ നൽകണമെന്ന് ടി ചട്ടങ്ങളിലോ ആക്റ്റിലോ വ്യവസ്ഥയില്ല. 3-ാം വകുപ്പിൽ വിവരിച്ചിട്ടുള്ള കാര്യങ്ങളിൽ ശരിയത്തിന് വിരുദ്ധമായ ഏതെങ്കിലും ആചാരവും വഴക്കവും ബാധകമായിട്ടുള്ള ഒരു മുസ്ലീമിന് ശരിയത്തിലെ വ്യവസ്ഥകൾ തിരഞ്ഞെടുക്കുന്നതിനുള്ള അവസരം വിനിയോഗിക്കാനുള്ള നടപടിക്രമം മാത്രമാണ് ഈ ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ളത്. |
| സി. ചട്ടം രൂപീകരിക്കുമ്പോൾ സുതാര്യത ഉറപ്പാക്കിയും ദുരുപയോഗത്തിനുള്ള പഴുതുകൾ അടച്ചും വ്യവസ്ഥകൾ | ബാധകമല്ല. |

| | |
|---|---|
| ഉൾപ്പെടുത്താൻ സാധിക്കുമോ; | |
| ഡി. മൗലികാവകാശങ്ങളെ സാങ്കേതിക നിയമക്കുരുക്കുകളിൽപ്പെടുത്തി മതവിശ്വാസികൾക്ക് പ്രയാസമുണ്ടാക്കുന്ന നിയമനിർമ്മാണത്തിനുള്ള നീക്കങ്ങളിൽ നിന്നും പിന്തിരിയുമോയെന്ന് വ്യക്തമാക്കുമോ? | അപ്രകാരം ഒരു നിയമ നിർമ്മാണം നടത്തിയിട്ടില്ല. |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ആഫീസർ.